# കീബോർഡ്



# എഡിറ്റോറിയൽ ബോർഡ്

## ചിഫ് എഡിറ്റർ

ടി വി ഷീല(പ്രധാനധ്യാപിക)

## സ്റ്റാഫ്എഡിറ്റർ

സുരേഷ് പൂവാട്ടുമീത്തൽ(SITC)

## സ്റ്റുഡന്റ്എഡിറ്റർ

അനസ്

## അംഗങ്ങൾ

അൻസാർ
നിഷാദ്
ഫാരിസ്
കിഷോർ
അമിത്

# ആശംസ

വളാഞ്ചേരി ഹയർ സെക്കണ്ടറി സ്കൂളിലെ"ലിറ്റിൽ കൈറ്റ്സ്" വിദ്യാർഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന"കീബോർഡ്" എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഷീല.ടി.വി

ഹെഡ് മിസ്ട്രസ്

വി.എച്ച്.എസ്.എസ്.വളാഞ്ചേരി



# ആശംസ

വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മനസ്സിലെ സ്വപ്നങ്ങൾ ചിത്രങ്ങളും അക്ഷരങ്ങളാക്കി കീബോർഡ് എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ **ലിറ്റിൽ കൈറ്റ്സ്** കുട്ടുകാർക്ക്

അഭിനന്ദനങ്ങൾ

സസ്നേഹം

സത്യനാഥൻ മാഷ്



VHSS VALANCHERY

# താളുകളിലൂടെ


| | |
|---|---|
| ലാഭം.............(കവിത) | 6 |
| ആദ്യമായ്.......(കഥ) | 7 |
| നിശബ്ദത......(കഥ) | 8 |
| മനസ്സിലെ മുറിവുകൾ..(കഥ) | 9 |
| പക.........(കവിത) | 10 |
| റോബോട്ടിക്സ്...(വായനാകുറിപ്പ്) | 11 |
| വിക്കിപീഡിയ(ലേഖനം) | 12 |
| പരിസ്ഥിതിയെ സംരക്ഷണം<br>ജിവന്റെ തുടിപ്പ് കാക്കാൻ.(ലേഖനം) | 14 |
| പ്രവർത്തനങ്ങളിലൂടെ | 15 |

# ലാഭം

മനുഷ്യൻ

അവൻ ലാഭത്തിൻെ തത്വശാസ്ത്രത്തിൽ മാത്രം

വിശ്വാസമർപ്പിച്ചിരിക്കുന്നു.

അവൻ

വിതയ്ക്കുന്നത് ലാഭസ്വപ്നങ്ങൾ

കൊയ്യുന്നത് ദുരാഗ്രഹം

ഇന്ന് മനുഷ്യഭാവം

താളം ഭിഭത്സം കഠിനം

ഇന്ന് അവൻ സംസ്കാര ധ്വംസകൻ

അവൻ സ്വയം മറന്നവൻ

അവൻ ലാഭതത്വത്തിനടിമ

അവൻെറ രാഷ്ട്രീയം ലാഭം

ചൂഷണം മുഖമുദ്ര

സ്വാർഥത അവൻെറ ചിഹ്നം

അവൻ അമ്മയെ മറന്നവൻ

അവൻെറ ചുണ്ടിൽരക്തത്തിൻെറ ചുവപ്പ്



# ആദ്യമായ്......




ഇന്ന് സ്കൂൾ തുടങ്ങുകയാണ് അവൻ എണീറ്റ് കുളിച്ചൊരുങ്ങി പുസ്തകങ്ങൾ അവൻ ബാഗിൽ വച്ചു. പിന്നെ അവൻ ഇത്തിരി നറുമണം പൂശി. അമ്മ വിളിച്ചു മോനെ ഭക്ഷണം കഴിക്ക് എന്ന് അമ്മ പറഞ്ഞു അവൻ ഒന്നും മിണ്ടിയില്ല പിന്നെ അവൻ പുറത്തേക്ക് ഇറങ്ങി ചെരുപ്പു ധരിച്ചു പെട്ടന്ന് ഒരു ബസ്സിന്റെ ശബ്ദം അവൻ ബസ്സിൽ കയറി അവൻ ഒരു കുട്ടിയെ പരിചയപ്പെട്ടു അങ്ങനെ അവൻ സ്കൂളിൽ എത്തി അവൻ ബസ്സിൽ നിന്ന് ഇറങ്ങി അതി മനോഹരമയി അവൻ സ്കുളിന്റെ പടികയറി അവൻ കൂട്ടുകാർ ചോദിച്ചു:നീ എത് ക്ലാസിലാണ് പഠിക്കുന്നത് അവൻ കൈ കൊണ്ട് കാണിച്ചു അവൻ ക്ലാസിൽ കയറി. ടീച്ചർ വന്നു എല്ലാവരുടേയും പേര് ചോദിച്ചു അവൻ കൈ കൊണ്ട് കാണിച്ചു ടീച്ചർക്ക് മനസ്സിലായി അവന് സംസാര ശേഷിയില്ലെന്ന്. ടിച്ചർ ക്ലാസെടുത്തു ലഞ്ച് ബെൽ അടിച്ചു അവൻ ഭക്ഷണം കഴിച്ചു അന്ന് സ്കൂൾ നേരത്തെ വിട്ടു അവൻ ബസിൽ കയറി. അവൻ ഇന്ന് നടന്നത്

ഓർത്തിരുന്നു. എങ്ങനെയുണ്ട് നിന്റെ സ്കൂൾ. അവൻ കൈ കൊണ്ട് നല്ല സ്കൂളാണെന്ന് ആഗ്യം കാണിച്ചു. പിന്നെ അവൻ ഭക്ഷണം കഴിച്ചു. കളിക്കാൻ പോയി. കുറച്ചു കഴിഞ്ഞപ്പോൾ അവൻ തിരിച്ച് വന്നു. ഇന്ന് അവന്റെ അച്ഛൻ വന്നിരുന്നു. അച്ഛനോട് ഇന്ന് സ്കൂളിലേക്ക് പോയ കാര്യം പറഞ്ഞു. പിന്നേ അവൻ ഭക്ഷണം കഴിച്ചു. അപ്പോൾ അവൻ അറിയാതെ ഉറങ്ങി പോയി. അവൻ സ്യപ്നത്തിൽ ലയിച്ചു പോയി. പെട്ടന്ന് തന്നെ നേരം വെളുത്തു.......

# നിശബ്ദത

ഇരുട്ടത്ത് മനസ്സിൽ വെളിച്ചവുമായി അയാൾ നടന്നുനീങ്ങി. ഇരുട്ടല്ല ഏകാന്തതയല്ല മറ്റെന്തോ അലട്ടി നടന്നു അയാൾ കാലത്തിൻെറ പാതയിൽ കൊന്നും കൊലവിളിച്ചും ചോരതൻ മണമുള്ള മണ്ണിൽ ചവിട്ടിന്നടന്നു കണ്ണു പോൽ നോക്കിയ ജനനി തെരുവുവീഥിയിൽ എന്നന്നേക്കുമായി ഉറങ്ങി കാടുകൾ പുഴകൾ വിരഹം നിറയുന്നു. അത്ര അമ്മയാം ഭൂമിയെ

നശിപ്പിച്ചു കൊന്നു കള്ളവും കൊലയും ചെയ്ത് ജയിച്ചതും മനസ്സിൽ മാറ്റൊലി കൊണ്ടു അമ്മതൻ വാക്കുകൾ നല്ല വാകോതുവാൻ സത്യം പറയുവാൻ ശക്തിയുണ്ടാവണം ഇനി എന്ത് ചെയ്യണം ഇനി എന്തിന് ഒറ്റക്ക് ഇരുളുകൾ കനത്തു മനസ്സിൽ എങ്ങും നിശബ്ദത.......

VHSS VALANCHERY

# മനസ്സിലെമുറിവുകൾ


ഒരിടത്ത് ഒരു അപ്പു എന്നു-പേരുള്ള ഒരു
കുട്ടിയുണ്ടായിരുന്നു. അപ്പുവിൻെറ അമ്മക്ക്
സംസാരിക്കാൻ കഴിയില്ലായിരുന്നു. അപ്പുവിന്  പരീക്ഷാ
കടന്നു വരുകയാണ് അപ്പുറത്തെ വീട്ടിലെ അജുവിന്
അവൻെറ അമ്മ എന്നും സ്ക്രൂൾ വിട്ടു വന്നാൽ പടിപ്പിച്ചു
കൊടുക്കുന്നത് കണാറുണ്ട്. അത് കൊണ്ട് അപ്പുവിൻെറ
കണ്ണ് അരുവിയായിമാറും. അവൻ അതൊക്കെ ഒരു
ഡയറിയിൽ കുറിച്ചുവക്കും. ഒരു ദിവസം അപ്പുവിൻെറ
റൂമിൽ നിന്നും ആ ഡയറികിട്ടി അമ്മ അത് വായിച്ചു
സങ്കടം അടക്കാൻ കഴിഞ്ഞില്ല. അര കൊല്ലത്തിനു മുമ്പ്
അപ്പുവിൻെറ അച്ഛൻ ഒരു വാഹനാപകടത്തിൽ
മരിചവിവരം അപ്പുവിനോടു പറയാൻ അവൻെറ
അമ്മക്ക് കഴിഞ്ഞിട്ടില്ല ഒരു ദിവസം അപ്പുവിൻെറ
കൂട്ടുകാർ അപ്പുവിൻെറ വീട്ടിലേക്കു വന്നു. അപ്പുവിൻെറ
കൂട്ടുകാരിൽ ഒരുവൻ ചോദിച്ചു: ഇതാരാ? അപ്പു പറഞ്ഞു:
അതുഞങ്ങളുടെ വീട്ടിലെ ജോലിചെയ്യുന്നവരാ. അതു
കേട്ടപ്പോൾ അമ്മയുടെ കണ്ണുകൾ കവിഞ്ഞൊഴുകി.
കുട്ടുക്കാരിൽ ഒരുവൻ ചോദിച്ചു: അപ്പോൾ നിൻെറ
അമ്മയോ?. അപ്പു പറഞ്ഞു:അമ്മ ബാങ്കിലെ മേനേജറായി
ജോലി ചെയ്യുകയാ. എന്നെന്നക്കുമായി ആ അമ്മ
മരണപ്പെട്ടു തൻെറ തെറ്റു മനസ്സിലാക്കിയ അപ്പു
കുറ്റബോധം ആകാശത്തേക്കു നോക്കി മാപ്പു പറയും

# പക

കത്തുന്ന പകയുന്ന
പകയെരിഞ്ഞിടുന്ന ഇവിടെ
അവളുടെ പകയെരിഞ്ഞിടുന്ന
രാവും പകലും മിന്നി മാഞ്ഞിടുന്ന

പിച്ചിക്കീറിയ അവളുടെ മനസ്സിൽ
ന്നുലിളകളിൽ കുരുങ്ങി ഞാൻ
പറയുവാൻ ശ്രമിക്കുന്നു
പക്ഷേ , മനസ്സിലാവുന്നില്ല

അവളുടെ മനസ്സിൽ അടിത്തടിലുണ്ടാകും
കാതൽ യാമം
രാവിൻ പകലായി മാറിയ ലോകം
രക്ത കാതൻ മനസ്സ ചൂരണവൻ



VHSS VALANCHERY




മെക്കാനിക്കല് എൻജിനീയറിങ്,ഇലക്ട്രോണിക്സ് എൻജിനീയറിങ്,കമ്പ്യൂട്ടര് സയൻസ് തുടങ്ങിയവ ഉള്ക്കൊള്ളുന്ന എഞ്ചിനീയറിംഗ്,സയൻസ് വിഭാഗങ്ങളുടെ ഒരു അന്തര്ദശീയ ശാഖയാണ് റോബോട്ടിക്സ്.

റോബോട്ടുകളുടെ രൂപകല്പ്പന,നിര്മ്മാണം,പ്രവര്ത്തനം,ഉപയോഗം,കമ്പ്യൂട്ടര്സംവിധാനങ്ങള്,സെൻസറിഫീഡ്ബാക്ക്,ഇൻഫര്മേഷൻ പ്രോസസ്സിംഗ് എന്നിവയുമായി റോബോട്ടിക്സ് കൈകാര്യം ചെയ്യുന്നു മനുഷ്യര്ക്ക് പകരം ഉപയോഗിക്കാനും. മനുഷ്യരുടെ പ്രവര്ത്തനങ്ങളെ പ്രതിപ്രവര്ത്തിക്കുവാനും കഴിയുന്ന യന്ത്രങ്ങള് വികസിപ്പിച്ചെടുക്കാൻ ഈ സാങ്കേതിക വിദ്യകള് ഉപയോഗിക്കുന്നു. ഏത് സഹചര്യതിലും ഏതുതരതിലും റോബോട്ടുകള് ഉപയോഗിക്കാൻ കഴിയും. ഇന്ന് അപകടകരമായ സാഹചര്യങ്ങളിൽ(ബോംബ് കണ്ടെത്തലും നിര്ജ്ജീവനവും ഉള്പ്പെടെ), ഉൽപാദനപ്രക്രിയകള്. അല്ലെങ്കിൽ മനുഷ്യര്ക്ക് അതിജീവിക്കാൻ കഴിയാത്ത അലസ്ഥലകളിൽ റോബോട്ടുകള് ഉപയോഗികുന്നു. റോബോട്ടുകള് ഏതെങ്കിലും രൂപത്തിൽ പ്രവര്ത്തിപ്പിക്കാൻ കഴിയും ചിലര് മനുഷ്യരൂപത്തിൽ സാദൃശ്യം പുലര്ത്തുന്നു സാധാരണയായി ജനങ്ങള് നടത്തുന്ന ചില ആവര്ത്തിക്കുന്ന സ്വഭാവരീതികളിൽ റോബോട്ട് സ്വീകരിക്കാൻ ഇത് സഹായിക്കുമെന്ന് പറയപ്പെടുന്നു.നടത്തം,ലിഫ്റ്റിംഗ്,പ്രസംഗം, ബോധനം,അടിസ്ഥാന പരമായി ഒരു മനുഷ്യന് ചെയ്യാൻ കഴിയുന്നതെല്ലാം ആവര്ത്തിക്കാൻ

ഇത്തരം റോബോട്ടുകള് ശ്രമിക്കുന്നു. ഇന്നത്തെ പല റോബോട്ടുകളും പ്രകൃതിയിൽ നിന്നും പ്രചോദനം ഉള്ക്കൊണ്ട് ബയോ ഇൻസ്പയറായ റോബോട്ടിക്സിന് സംഭാവന നൽകുന്നു




എല്ലാഭാഷകളിലും സ്വതന്ത്രവും സമ്പൂർണവുമായ വിജ്ഞനകോശം നിർമ്മിക്കുവാനുള്ള ഒരു കൂട്ടായ സംരംഭമാണ് വിക്കിപീഡിയ(ഇംഗ്ലഷ്:wikipedia).ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന വിക്കിപീഡിയ ഫൗണ്ടേഷന്റെപിന്തുണയോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്.വിക്കിപീഡിയയിലെ ഉള്ളടക്കം ഡ്യൂ സ്വതന്ത്രപ്രസിദ്ധീകരണാനുമതി പ്രകാരം ലഭ്യമായതിനൽ എപ്പോഴും സ്വതന്ത്രവും സൗജന്യവും ആയിരിക്കും.എങ്കിലും ചില പതിപ്പുകളിൽ സ്വതന്ത്ര മല്ലാത്ത ഉള്ളടക്കവും

നിലവിലുണ്ട്.വിക്കിപീഡിയ എന്ന പേര്,വിക്കി,എൻസൈക്ലോപീഡിയ എന്നീ പദങ്ങളുടെ ഒരു മിശ്രശബ്ദമാണ്.

ലോകം മുഴുവനും വ്യാപിച്ചു കിടക്കുന്ന സന്നദ്ധ സേവന തൽപരരായ ഉപയോക്താക്കൾ സഹകരണത്തോടെ പ്രവർത്തിച്ചാണ് വിക്കിപീഡിയയിൽ ലേഖനങ്ങൾ എഴുതുന്നത്.ലേഖനം എഴുതുന്നത്.ലോഖനം എഴുതുവാനും, മിക്കവാറും എല്ലാ ലോഖനങ്ങളും തിരുത്തി എഴുതുവാനും ഏവർക്കും സ്വാതന്ത്ര്യവും സൗകര്യവും വിക്കിപീഡിയ അനുവദിക്കുന്നുണ്ട്.

ജിമ്മി വെയിൽസ്,ലാറി സാങ്ങർ എന്നിവർ 2001 ജനുവരി 15 നാണ് വിക്കിപീഡിയ പദ്ധതിക്ക് തുടക്കംകുറിച്ചത്.വിദഗ്ധന്മാർ ലോഖനങ്ങളെഴുതിയ നൂപീഡിയ എന്ന വെബ് വിജ്ഞകോശത്തിന്റപൂരകസംവിധാനമായാണ് വിക്കിപീഡിയ ആരംഭിച്ചത്. ജനകീയ പങ്കാളിത്തത്തിലൂടെ മാതൃവെബ്സൈറ്റിനെക്കാൾ പ്രശസ്തി കൈവരിക്കാൻ വിക്കിപീഡിയയ്ക്ക് സാധിച്ചു.ഇന്ന് ഇന്റർ നെറ്റിൽ ഏറ്റവും പ്രശസ്തമായ പൊതു-അവലംബ ഉദ്യമമായി വിക്കിപീഡിയ കണക്കാക്കപ്പെടുന്നു.വിക്കിസോഫ്റ്റ് വെയർ എന്ന സംവിധാനമാണ് ഈ സ്വതന്ത്രവിജ്ഞാനകോശത്തിന്റെ അടിസ്ഥാനം

292 ഭാഷകളിൽ വിക്കിപീഡിയയുടെ പതിപ്പുകളുണ്ട്. 5,845,671 ൽ അധികം ലേഖനങ്ങളുള്ള ഇംഗ്ലീഷ് പതിപ്പാണ് (http://en.wikipedia.org)ഈ സംരംഭത്തിന്റെ പതാകവാഹക.മലയാളമടക്കം 20 ഇന്ത്യൻഭാഷകളിലും വിക്കിപീഡിയ പ്രവത്തിക്കുന്നു

# പരിസ്ഥതിയെ സംരക്ഷിക്കണം ജീവന്റെ തുടിപ്പ് കാക്കാൻ;



മനുഷ്യർ ബോധപൂർ

വം,അല്ലാതെയും ,ചെയ്തു കൊണ്ടിരിക്കുന്ന പ്രവർ

ത്തനങ്ങൾ എല്ലാ ജീവികളുടെയും തുടർച്ചയെ ചോദ്യം

ചെയ്യുന്ന വിധത്തിൽ ഭീഷണിയാവുന്നു.

വരാനുള്ള തലമുറകളും ഇവിടെ നിലനിൽക്കണമോ

നമ്മുടെ ശീലങ്ങളിൽ മാറ്റം വരുത്തിയെ പറ്റൂ.

നമ്മുടെ മുമ്പിലുള്ള കുട്ടികളിൽ പരിസ്ഥിതി ബോധവൽ

ക്കരണം നടത്താനും ,പ്രക്രുതി സംരക്ഷണം

നടത്താനും കാത്തു സൂക്ഷിക്കാനും നമുക്ക്

സാധിക്കണം.പരിസ്ഥിതി സംരക്ഷണ പ്രവർ

ത്തനത്തിലൂടെ അവന്റെ സ്വഭാവ രൂപികരണത്തിന്

അത് ഇടയാക്കുന്നു.

വാട്സ്ആപ്പ്,ഫെയിസ്ബുക്ക് തുടങ്ങി വിവിധ

സോഷ്യൽ മീഡിയകളിൽ

മാത്രം ജീവിതം ഹോമിക്കുന്ന പുതു തലമുറയേയല്ലാ

നമുക്ക്  വേണ്ടത് .ചുറ്റുപാടുകളെ കണ്ടെത്താനും ,

അവയെ സംരക്ഷിക്കാനും കെല്പുള്ള കണ്ണു തുറന്നു

പിടിക്കുന്ന പുതു തലമുറയെയാണ് നാം

സൃഷ്ടിക്കേണ്ടത്. വരൾച്ചയും , രൂക്ഷമായ

കുടിവെള്ള പ്രശ്നങ്ങളും ,കാട്ടുകൾ

കത്തിച്ചാമ്പലാവുന്നതും,പ്രളയവും,പകർച്ചവ്യാധികളും

തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങളാണ് വർത്തമാന കാലം

നേരിടുന്നത്.ദുരിന്തമുഖത്ത് നിന്ന് അലറി

വിളിക്കുന്നതിനു പകരം   പ്രകൃതി ദുരന്തങ്ങൾക്ക്

ഇടയാകുന്ന സാഹചര്യങ്ങൾഇല്ലാതാക്കാണ് നാം

പരിശ്രമിക്കേണ്ടത് . നമ്മുടെ വായുവം ജലവും, മണ്ണും

മലിനമാക്കൽ പ്രവർത്തനം ഭീതിതമാം വിധം വർ

ധിക്കുന്നു പരിസ്ഥിതി സംരക്ഷണം ഒരോ

വെക്തിയുടെയും

കടമയാവണം.പ്രാണവായുവും,അന്നവും ദാഹജലവും

നൽകുന്ന ഭൂമിയെ കാത്തുസൂക്ഷിക്കേണ്ടത് നമ്മൾ

ഒരോരുത്തരുടെയും കടമയാണ്.നഷ്ടപ്പെട്ടു

പോയിക്കൊണ്ടിരിക്കുന്ന

മണ്ണും,വിണ്ണും,വെള്ളവും   സംരക്ഷിച്ചേ പറ്റൂ.നമുക്ക് വീണ്ടെടുക്കുണം പരിസ്ഥിസംരക്ഷണം

ജീവിതചര്യയായി മാറണം. പരിസ്ഥിതി പഠനത്തിലും സംരക്ഷണ പ്രവർത്തനങ്ങളിലും വിദ്യാർഥികളും ഉറപ്പുവരുത്തുന്നതിനായി വിദ്യാലയങ്ങളിൽ രൂപികരിച്ച കൂട്ടായിമയായ പരിസ്ഥിതി ക്ലബിലെ അംഗങ്ങളുടെ മാത്രം ചുമതലയല്ല പരിസ്ഥിതി

സംരക്ഷണം.നമുക്ക് അഭയം നൽകുന്ന പരിസ്ഥിതിയെ കാത്തു സൂക്ഷിക്കാൻ കർത്തവ്യ ബോധമുള്ള വ്യക്തികളാക്കി കുട്ടികളെ

മാറ്റിയെടുക്കുവാൻ പരിസ്ഥിക മൂല്യങ്ങളെയും,ദർ ശനങ്ങളെയും പറ്റിയുള്ള ധാരണ വളരെ ചെറുപ്പത്തിൽ

തന്നെ അവരിൽ ഉണ്ടാവണം. പരിസ്ഥിതിയെ സംബന്ധിച്ച ചുമതലകൾ ഏറ്റെടുക്കാൻ നാം കുട്ടികളെ

പ്രാപ്തരാക്കണം. സാമൂഹ്യബോധമുള്ള പൗരൻമ്മാരായി വളരാനും,വ്യക്തിത്വ വികസനത്തിനും,നന്മകൾ കാത്തുസൂക്ഷിക്കാനും പരിസ്ഥിതി സംരക്ഷണപ്രവർ

ത്തനങ്ങളിലൂടെ സാധിക്കും.പരിസ്ഥിതി ദിനത്തിലെ കേവലം ഒരു വൃക്ഷത്തൈ നടലിൽ മാത്രം

ഒതുങ്ങേണ്ടതല്ല പരിസ്ഥിതി

**സംരക്ഷണം പ്രകൃതിയുടെ  ഭദ്രദക്ക് നാളെയുടെ നന്മക്കായി നമുക്ക് കൂട്ടമായി ശ്രമിക്കാം**

[സുരേഷ്പൂവാട്ടുമീത്തൽ]

VHSS VALANCHERY